അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

65(1119) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 17-12-2015-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച് ആർ.ടി.ഇ. ആക്ടിന്റെ ഷെഡ്യൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് എൽ.പി.-യിൽ (I-V വരെ) 1:30 എന്ന ക്ലാസ് തല അനുപാതവും യു.പി.-യിൽ (VI-VIII) വരെ 1:35 എന്ന ക്ലാസ് തല അനുപാതവുമാണെന്ന് കോടതി കണ്ടെത്തുകയും അത് നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു കൂടാതെ 2010-11-ലെ തസ്തിക നിർണ്ണയം തുടർവർഷങ്ങളിലും ബാധകമാക്കിയ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥ റദ്ദാക്കുകയും കൂടാതെ അദ്ധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന കെ.ഇ.ആർ. ഭേദഗതിയിലെ തസ്തിക നിർണ്ണയം സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ളവ റദ്ദാക്കുകയും ചെയ്തതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ കോടതി വിധിയിലുണ്ട്.

(ബി) കോടതി ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അപ്പീലിനു വിധേയമായി 29-1-2016-ലെ സ.ഉ.(പി) നമ്പർ 29/16/പൊ.വി.വ. കോടതി വിധിക്കനുസൃതമായ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കോടതിവിധിക്കെതിരായി സർക്കാർ ഫയൽ ചെയ്യാനുദ്ദേശിക്കുന്ന അപ്പീലിനു വിധേയമായിട്ടാണ് പ്രസ്തുത ഉത്തരവെന്നതാണ് ഇപ്പോഴത്തെ സർക്കാർ നിലപാട്.

സ്പെഷ്യൽ അദ്ധ്യാപകരുടെ നിയമനം

66(1120) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ സ്പെഷ്യൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ആയത് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രത്യേക ശ്രദ്ധ ആവശ്യമുള്ള അഞ്ചു കുട്ടികളുള്ള സ്കൂളിൽ സ്പെഷ്യൽ അദ്ധ്യാപക നിയമനം അനുവദിക്കാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികളെ മുഖ്യധാരയിലെത്തിക്കാൻ സ്പെഷ്യൽ സ്കൂളുകളിലല്ല സാധാരണ സ്കൂളുകളിൽ മറ്റു കുട്ടികൾക്കൊപ്പം പഠിക്കാൻ സൗകര്യം നൽകുകയാണ് വേണ്ടതെന്ന ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സാധാരണ സ്കൂളുകളിൽ സ്പെഷ്യൽ അദ്ധ്യാപകർ താൽക്കാലികാടിസ്ഥാനത്തിൽ വർഷങ്ങളായി ജോലി ചെയ്തു വരുന്ന കാര്യം ശ്രദ്ധയിലുണ്ടോ; എങ്കിൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്കൂളുകളിൽ റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുന്നത് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ്. നിലവിലെ അധ്യാപക വിദ്യാർത്ഥി അനുപാതം 1:5 ആണ്. റിസോഴ്സ് അദ്ധ്യാപകർ നിയമിക്കപ്പെടുന്ന സ്കൂളുകളിൽ കുട്ടികളുടെ എണ്ണം അഞ്ചിൽ കുറവാണെങ്കിൽ മറ്റ് സ്കൂളുകളുമായി ക്ലബ്ബ് ചെയ്താണ് നിയമനം നൽകേണ്ടത്. ഈ ഗൈഡ്ലൈൻസ് പരിഷ്കരിക്കേണ്ടത് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയമാണ്.

(ബി) ഐ.ഇ.ഡി.എസ്.എസ്. ഗൈഡ്ലൈൻസ് പ്രകാരം അഞ്ച് കുട്ടികളുള്ള സ്കൂളിൽ റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും നിലവിലെ സാഹചര്യത്തിൽ അദ്ധ്യാപകരുടെ എണ്ണത്തിലുള്ള കുറവ് കാരണം അതിന് സാധിക്കുകയില്ല. 725 റിസോഴ്സ് അദ്ധ്യാപകരെ മാത്രമാണ് എം.എച്ച്.ആർ.ഡി. അനുവദിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ വൈകല്യമുള്ള കുട്ടികൾക്ക് പരമാവധി സേവനം നൽകുകയെന്ന ലക്ഷ്യത്തോടെ ഒന്ന് അല്ലെങ്കിൽ രണ്ട് സ്കൂളുകളിലായാണ് റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നിലവിൽ ജോലി ചെയ്യുന്ന റിസോഴ്സ് അദ്ധ്യാപകരെ ഒരോ വർഷവും കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചു വരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുവാൻ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly